"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഏനാദിമംഗലം വില്ലേജിൽ പൂതങ്കര കെ.ഐ.പി. കനാൽ പുറമ്പോക്കിൽ താമസിക്കുന്ന ശ്രീമതി. റ്റി. പി. ലക്ഷ്മിയ്ക്ക് ലൈഫ് മിഷൻ പദ്ധതിയ്ക്ക് കീഴിൽ വീട്/ഫ്ലാറ്റ് അനുവദിയ്ക്കുവാൻ പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്

G.O.(Rt) No.1733/2020/LSGD തീയതി,തിരുവനന്തപുരം, 24/09/2020

പരാമർശം:- 1 കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 31-12-2016 തീയതിയിലെ എച്ച്.ആർ.എം.പി നം. 7182/16/PTA നമ്പർ ഉത്തരവ്.

2 പത്തനംതിട്ട ജില്ലാകളക്ടറുടെ 25-01-2017 തീയതിയിലെ സി.6-31307/16 നമ്പർ കത്ത്.

3 ലാന്റ് റവന്യൂ കമ്മീഷണറുടെ 29-03-2017 തീയതിയായുള്ള എൽ.ആർ.ജെ6-5181/2017 നമ്പർ കത്ത്.

**ഉത്തരവ്**

അടൂർ താലൂക്കിൽ ഏനാദിമംഗലം വില്ലേജിൽ പൂതങ്കര കെ.ഐ.പി. കനാൽ പുറമ്പോക്കിൽ 18 വർഷമായി കുടിൽ കെട്ടി താമസിക്കുന്ന ശ്രീമതി. റ്റി. പി. ലക്ഷ്മിയുടെ ഭർത്താവ് അപകടത്തിൽ പെട്ട് നട്ടെല്ലിനു ക്ഷതമേറ്റ് കിടപ്പിലാണെന്നും മൂത്ത മകൾ ഓട്ടിസം ബാധിച്ച കുട്ടിയാണെന്നും നിർദ്ധനർ ആണെന്നതും കണക്കിലെടുത്ത് പരാതിക്കാരിക്ക് കൈവശമുള്ള കനാൽ പുറമ്പോക്കിൽ നിന്നും അഞ്ചു സെന്റ് പതിച്ചു നല്കുന്നതിനുള്ള സാധ്യത പരിശോധിക്കുകയോ, അല്ലാത്ത പക്ഷം ഉചിതമായ സ്ഥലത്ത് ഭൂമി അനുവദിച്ച് ഗൃഹ നിർമ്മാണത്തിനുള്ള സാമ്പത്തിക സഹായമോ നൽകേണ്ടതാണെന്ന് പരാമർശം(1) പ്രകാരം മനുഷ്യാവകാശ കമ്മീഷൻ ഉത്തരവായിരുന്നു.

2. ഇതു സംബന്ധിച്ച് പരാമർശം (3) പ്രകാരം ജില്ലാ കളക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ അപേക്ഷകയും ശയ്യാവലംബിയായ ഭർത്താവും ഓട്ടിസം ബാധിച്ച മകൾ ഉൾപ്പെടെ 2 കുട്ടികളും അടങ്ങുന്ന കുടുംബമാണ് ശ്രീമതി ലക്ഷ്മിയുടേത്എന്നും പതിച്ചു നല്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്ന 1.22 ആർ ഭൂമി കല്ലട ഇറിഗേഷൻ പദ്ധതിക്കായി ഏറ്റെടുത്തിട്ടുള്ളതും ഡംമ്പിംഗ് യാർഡ് ആയി ഉപയോഗിച്ചിരുന്നതാണെന്നും നിലവിൽ ടി ഭൂമിയിൽ പുതിയ പ്രൊപ്പോസലുകൾ ഒന്നും നല്കിയിട്ടില്ലാത്തതും സ്ഥലം പതിച്ചു നല്കാൻ സർക്കാർ തലത്തിൽ തീരുമാനമെടുക്കാവുന്നതാണെന്നും എക്സിക്യൂട്ടീവ് എഞ്ചിനിയർ അറിയിച്ചിട്ടുള്ളതായും റിപ്പേർട്ട് ചെയ്തിരുന്നു. കല്ലട ഇറിഗേഷൻ പദ്ധതിക്കായി പൊന്നും വിലക്ക് ഏറ്റെടുത്ത കെ.ഐ .പി പുറമ്പോക്ക് സ്ഥലം പതിവിനു വിധേയമല്ലാത്ത സാഹചര്യത്തിൽ സർക്കാർ ഉത്തരവ് ഉണ്ടാകേണ്ടത് അനിവാര്യമാണെന്നു ജില്ലാകളക്ടർ അറിയിച്ചിരുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു .കനാൽ പുറമ്പോക്ക് പതിച്ച് നൽകാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിൽ , ഏനാദിമംഗലം വില്ലേജിൽ പൂതങ്കര കെ.ഐ.പി. കനാൽ പുറമ്പോക്കിൽ 18 വർഷമായി കുടിൽ കെട്ടി താമസിക്കുന്ന ശ്രീമതി ലക്ഷ്മിക്ക്,ടിയാരിയുടെ സാഹചര്യങ്ങൾ കണക്കിലെടുത്തു പ്രത്യേക കേസായി

പരിഗണിച്ച് ലൈഫ് മിഷൻ പദ്ധതിയ്ക്ക് കീഴിൽ വീട്/ഫ്ലാറ്റ് അനുവദിയ്ക്കുവാൻ, നടപടി കൈക്കൊള്ളാൻ പഞ്ചായത്ത് ഡയറക്ടർക്കും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കും നിർദ്ദേശം നൽകികൊണ്ടും മേൽ പ്രകാരം പരാമർശം (1) ഉത്തരവ് നടപ്പിലാക്കിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.
രജിസ്ട്രാർ, മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
ശ്രീമതി ലക്ഷ്മി, കൃഷ്ണ വിലാസം, കാരുവേലിൽ, കനാൽ പുറമ്പോക്ക്, പൂതങ്കര, ഇളയ മണ്ണൂർ.പി.ഓ-691 524.

എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ.

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

തദ്ദേശസ്വയംഭരണ വകുപ്പ്പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by REENAMMA P A
Date: 2020.0_ _ 15:23:47 IST
Reason: Approved
സെക്ഷൻ ഓഫീസർ